

## കെ.യു മുഹമ്മദ് മാസ്റ്റർ

**വയനാട്** ജില്ലയിലെ പിണങ്ങോട് പ്രദേശത്തെ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകർക്ക് ആവേശവും മാതൃകയുമായിരുന്നു കെ.യു മുഹമ്മദ് മാസ്റ്റർ (66). 1960-67 കാലയളവിൽ ശാന്തപുരം ഇസ്‌ലാമിയാ കോളേജിൽ പഠിച്ച് പുറത്തിറങ്ങിയ അദ്ദേഹം ഒ. അബ്ദുർറഹ്മാൻ സാഹിബിന്റെ സഹപാഠിയായിരുന്നു. 1973-ൽ തിരുവനന്തപുരം ഞാറയിൽകോണം എൽ.പി സ്കൂളിൽ തന്റെ അധ്യാപക ജീവിതം ആരംഭിച്ചു. തുടർന്ന് ചാലിയം സ്കൂൾ, ഇരുളം സ്കൂൾ, മുണ്ടകുറ്റി സ്കൂൾ എന്നിവിടങ്ങളിലും അധ്യാപനം നടത്തി. മുണ്ടകുറ്റി സ്കൂളിൽനിന്ന് 2001 ജൂൺ 30 ന് ജോലിയിൽനിന്ന് വിരമിച്ചു. 1968-72 കാലയളവിൽ പിണങ്ങോട് അൽമദ്റസത്തുൽ ഇസ്‌ലാമിയ്യയിൽ അധ്യാപകനായിരുന്നു. അമ്മത് ഉസ്താദ് എന്ന് ശിഷ്യന്മാർ സ്നേഹാദരവോടെ വിളിച്ചിരുന്ന അദ്ദേഹം വേറിട്ട വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. പിണങ്ങോട് പ്രാദേശിക ജമാഅത്തിലെ സജീവ പ്രവർത്തകനായിരുന്ന അദ്ദേഹം അപസ്മാര രോഗത്തിന്റെ പിടിയിലായിരുന്നിട്ടും സ്ക്വാഡുകൾക്കും മറ്റ് പ്രവർത്തനങ്ങൾക്കും മുന്നിട്ടിറങ്ങിയിരുന്നതും മറ്റുള്ളവരെ കർമോത്സുകരാക്കിയിരുന്നതും പ്രവർത്തകർ കെടാത്ത ഓർമയായി സൂക്ഷിക്കുന്നു. സാമ്പത്തികമായി ബുദ്ധിമുട്ടുള്ളവരെ ആവശ്യാനുസരണം സഹായിക്കാൻ ശ്രദ്ധിച്ചിരുന്ന മുഹമ്മദ് മാസ്റ്റർ ഇടപാടുകളിൽ ഇസ്‌ലാമിക വ്യവസ്ഥ പാലിക്കുന്നതിൽ കർശന നിലപാട് സ്വീകരിച്ചിരുന്നു. ഖുർആൻ പാരായണത്തിലും പഠനത്തിലും അതീവ ശ്രദ്ധ പുലർത്തിയിരുന്ന അദ്ദേഹം ഖുർആനുമായി നിരന്തര ബന്ധം സ്ഥാപിക്കണമെന്ന് തന്റെ ഒസ്യത്തിൽ എഴുതിവെച്ചിരുന്നു. പിണങ്ങോട് ഇസ്‌ലാമിയാ കോളേജിന്റെ ആദ്യകാലം തൊട്ടുള്ള മുഴുവൻ പ്രവർത്തനങ്ങളിലും സജീവ സാന്നിധ്യമായിരുന്നു. ഭാര്യയും മൂന്ന് ആൺകുട്ടികളും ഒരു പെൺകുട്ടിയുമടങ്ങുന്നതാണ് അദ്ദേഹത്തിന്റെ കുടുംബം.



**എം.പി മുഹമ്മദ് പിണങ്ങോട്**

## പി. മൂസ പാലത്ത്



**ദീർഘ** കാലം പാലത്ത് പ്രദേശത്ത് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ജീവനാഡിയായിരുന്ന പി. മൂസാ സാഹിബ് (ടിൻമേക്കർ മൂസ) (90) അല്ലാഹുവിലേക്ക് യാത്രയായി. കോഴിക്കോട് അണ്ടിക്കോട് സ്വദേശിയായ മൂസാ സാഹിബ് 1960 കളിൽ വളാഞ്ചേരിയിൽനിന്ന് വന്ന കിണ്ണക്കച്ചവടക്കാർ വഴിയാണ് പ്രസ്ഥാനത്തിലേക്ക് കടന്നുവന്നത്. തുടർന്ന് പ്രസ്ഥാന സാഹിത്യങ്ങളിലൂടെ വൈജ്ഞാനിക സമ്പത്ത് ആർജിച്ചു. വിശുദ്ധ ഖുർആൻ തജ്‌വീദ് നിയമങ്ങൾ പാലിച്ച് പാരായണം ചെയ്യാൻ പ്രസ്ഥാന പ്രവർത്തകരെ പരിശീലിപ്പിക്കുന്നതിൽ അതീവ തൽപരനായിരുന്നു. സൂറത്തു ലുഖ്മാനിലെ 'ലഹ്‌വുൽ ഹദീസ്' മൂസാ സാഹിബിന്റെ മുഖ്യപ്രബോധന വിഷയമായിരുന്നു. രണ്ടാം ക്ലാസ് ഔപചാരിക വിദ്യാഭ്യാസം മാത്രമായിരുന്നു ലഭിച്ചതെങ്കിലും നാല് ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ടിൻഷീറ്റു കൊണ്ട് ഉപകരണങ്ങൾ നിർമിച്ച് വിൽപ്പന നടത്തുന്നതിനാലാണ് അദ്ദേഹം ടിൻമേക്കർ മൂസ എന്നറിയപ്പെട്ടത്. ജമാഅത്ത് പരിപാടികൾ നടക്കുന്ന സ്ഥലങ്ങളിലേക്ക് എത്ര ദൂരത്തായാലും സൈക്കിളിൽ യാത്ര ചെയ്ത് എത്തിച്ചേരുക അദ്ദേഹത്തിന് ഹരമായിരുന്നു. കുടുംബത്തെ പ്രസ്ഥാന മാർഗത്തിൽ വളർത്തിയെടുക്കുന്നതിൽ മൂസാ സാഹിബ് വിജയിച്ചു. മുഹമ്മദ് (ഹിറാ സെന്റർ), മുഹമ്മദ് ബഷീർ (ചേന്ദമംഗല്ലൂർ ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകൻ), അബ്ദുല്ലത്വീഫ് (മുംബൈ), യൂനുസ്, ആഇശ, ഖദീജ എന്നിവർ മക്കളാണ്. കുനിയിൽ സ്വദേശിനി ആമിനയാണ് ഭാര്യ. ഡോ. ആർ. യൂസുഫിന്റെ ഭാര്യ സാജിദ, ഷെഹീൻ കെ.. മൊയ്തുണ്ണിയുടെ ഭാര്യ ഒ.വി ആബിദ എന്നിവർ പരേതന്റെ പേരക്കുട്ടികളാണ്.

**ഒ.വി അബൂബക്കർ പാലത്ത്**

## പി.കെ ഇസ്മാഈൽ

**രിയാദിലെ** ഇസ്‌ലാമിക പ്രവർത്തകർക്കിടയിൽ സുപരിചിതനായ തലശ്ശേരി സ്വദേശി പി.കെ ഇസ്മാഈൽ സാഹിബിന്റെ അകാല വേർപാടിലൂടെ സേവന രംഗത്ത് നിറസാന്നിധ്യമായിരുന്ന ഒരു പ്രവർത്തകനെയാണ് നഷ്ടമായിരിക്കുന്നത്. ഇരുപത്തഞ്ച് വർഷത്തോളമായി റിയാദിലായിരുന്ന അദ്ദേഹം ഒരു മെഡിക്കൽ കമ്പനിയിലാണ് അവസാനമായി ജോലി ചെയ്തിരുന്നത്. അതിനിടെ പൊടുന്നനെ മരണം ഇസ്മാഈൽ സാഹിബിനെ തേടിയെത്തുകയായിരുന്നു. റിയാദിൽ എത്തിയത് മുതൽ തന്നെ ഇസ്മാഈൽക്ക ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെട്ടു തുടങ്ങിയിരുന്നു. എട്ടു വർഷത്തോളം ഈയുള്ളവന്റെ യൂനിറ്റിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ഏൽപ്പിക്കുന്ന ഏതൊരു ജോലിയും മടി കൂടാതെ ഏറ്റെടുക്കുന്ന സ്വഭാവക്കാരനായിരുന്നു അദ്ദേഹം. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ അതീവ തൽപരനായിരുന്നു.



ഈയിടെ ശുമൈസി തർഹീലിൽ കഷ്ടപ്പെട്ടു കഴിഞ്ഞിരുന്ന ആയിരങ്ങൾക്ക് ലഘു ഭക്ഷണം വിതരണം ചെയ്യാൻ കെ.ഐ.ജി തീരുമാനിച്ചപ്പോൾ പ്രസ്തുത സംരംഭത്തിൽ മിക്ക ദിവസവും അദ്ദേഹം തന്റെ സാന്നിധ്യം ഉറപ്പുവരുത്തി. നിശ്ശബ്ദ സേവനമായിരുന്നു പക്ഷേ അദ്ദേഹത്തിനിഷ്ടം. തന്റെ സാന്നിധ്യം കൊട്ടി ഘോഷിക്കുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. പലപ്പോഴും പല പരിപാടികളിലും അദ്ദേഹത്തിന്റെ സാന്നിധ്യം ആരാലും ശ്രദ്ധിക്കപ്പെടുമായിരുന്നില്ല. അദ്ദേഹം വരുന്നതും പോകുന്നതും ആരുമാരും അറിയുകയും ചെയ്തിരുന്നില്ല. പക്ഷേ, തന്റെ ഉത്തരവാദിത്തങ്ങൾ നിശ്ശബ്ദമായി അദ്ദേഹം ചെയ്തു തീർത്തുകൊണ്ടിരുന്നു. തലശ്ശേരി സ്വദേശിനി ഫൗസിയയാണ് ഭാര്യ. ഫർസീൻ, നുഅ്മാൻ എന്നിവർ മക്കളും.

**അബ്ദുൽ ഖാദർ മാസ്റ്റർ, രിയാദ്**

## എ.പി അഹമ്മദ് കുട്ടി

**മലപ്പുറം** ജില്ലയിലെ വണ്ടൂർ ഏരിയയിൽ താളിയംകുണ്ട് മുത്തഫിഖ് ഹൽഖയിലെ സജീവ ഇസ്‌ലാമിക പ്രവർത്തകനായിരുന്നു എ.പി അഹമ്മദ് കുട്ടി. ആർഭാടങ്ങളില്ലാതെ ഒരു സാധാരണ റബർ ടാപ്പിംഗ് തൊഴിലാളിയായി ജീവിച്ച അദ്ദേഹം പ്രസ്ഥാന വളർച്ചക്കും പ്രചാരണത്തിനും അഹോരാത്രം പണിയെടുത്തു.



നിരന്തരമായ സ്ക്വാഡ് വർക്കുകൾ, പൊതുയോഗങ്ങൾ, ഗൃഹാങ്കണ യോഗങ്ങൾ, നോട്ടീസ്, ലഘുലേഖാ വിതരണം, റിലീഫ്, സൗജന്യ റേഷൻ തുടങ്ങിയ എല്ലാ ജനസമ്പർക്ക പരിപാടികളും നടത്തിക്കൊണ്ടുപോകുന്നതിൽ മുഖ്യ പങ്ക് വഹിച്ചിരുന്നത് അഹമ്മദ് കുട്ടി സാഹിബായിരുന്നു. ക്ഷീണം, വിശ്രമം, ഒഴിവില്ലായ്മ എന്നിങ്ങനെയുള്ള ഒഴികഴിവുകൾ പറയാതിരിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അഥവാ അത്തരം സന്ദർഭങ്ങൾ അദ്ദേഹത്തിനുണ്ടായാൽ അദ്ദേഹം അതിൽ അതീവ ദുഃഖിതനുമായിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും സാന്നിധ്യവും മറ്റു പ്രവർത്തകർക്ക് പ്രചോദനവും മാതൃകാ യോഗ്യവുമായിരുന്നു.

കുടുംബത്തെ ഇസ്‌ലാമികവത്കരിക്കുന്നതിലും അദ്ദേഹം വിജയിച്ചു. ഔപചാരിക ഇസ്‌ലാമിക വിദ്യാഭ്യാസമോ ഭൗതിക വിദ്യാഭ്യാസമോ ലഭിച്ചിട്ടില്ലാത്ത അദ്ദേഹം വായിച്ചും പഠിച്ചും അറിവ് നേടിക്കൊണ്ടിരുന്നു. ചടുലമായ സേവന പ്രവർത്തനങ്ങളും ഇടപെടലുകളും നടത്തി ആളുകളുടെ മനം കവരാൻ അദ്ദേഹത്തിന് സാധിച്ചു.

**എ.പി അബ്ദുൽ ഹമീദ് മാസ്റ്റർ പോരൂർ**